# ഗംഗ

ബംഗാളിലെ മുക്കുവരുടെ
ജീവിതം ചലച്ചിത്രത്തിൽ

**എം. പ്രഭാകരൻ**

**ആ**യിരത്തിതൊള്ളായിരത്തി അമ്പത്തിയേഴിലാണെന്നു തോന്നുന്നു ഹിന്ദുസ്ഥാൻ സ്റ്റാന്റേർഡും ആനന്ദബസാർ പത്രികയും കൂടി നടത്തിയ ഒരു മത്സരത്തിൽ ശ്രീ സമരേഷ് ബാസുവിന്ന് ഒന്നാം സമ്മാനം നേടികൊടുത്ത ബംഗാളി നോവലാണ് ഗംഗ. കായലുകളും കടൽക്കരയുമുള്ള നാട്ടിന്റെ ചരിത്രത്തിൽ വിസ്മരിക്കപ്പെടാൻ വയ്യാത്ത ഒരു വർഗക്കാരാണ് മുക്കുവന്മാർ. കാറ്റും കോളുമായി പടവെട്ടി പട്ടിണിയും പയ്യാരാവുമായി കഴിയുന്ന കർമനിരതരായ ഇവരുടെ ജീവിതത്തിലേക്കിറങ്ങി ചെല്ലുന്ന സാഹിത്യസൃഷ്ടികൾ മിക്കഭാഷകളിലുമുണ്ടായിട്ടുണ്ട്. ബംഗാളിയിൽ മണിക് ബാനർജിയുടെ `പദ്മാനദിയിലെ മുക്കുവൻ' സമരേഷ് ബാസുവിന്റെ `ഗംഗ' മലയാളത്തിൽ തകഴിയുടെ `ചെമ്മീൻ' മുതലായവ ഇതിന്നുദാഹരണങ്ങളാണ്.

`പദ്മാനദിയിലെ മുക്കുവ'നെപ്പോലെ അത്ര പ്രഗൽഭമായ ഒരു സൃഷ്ടിയല്ലെങ്കിലും സാമാന്യം നല്ല നോവലാണ് ഗംഗ. കുറച്ചുകാലം മുൻപ് `അന്തരീക്ഷം' എന്ന ചലച്ചിത്രവുമായി ബംഗാളിലെ സിനിമാരംഗത്ത് ആദ്യമായി വന്ന രാജൻ തരഫ്ദാർ ആണ് `ഗംഗ'യ്ക്ക് ചലച്ചിത്ര രൂപം നൽകിയിരിക്കുന്നത്.

മരംകോച്ചുന്ന മഞ്ഞിലും ധാരമുറിയാത്ത മഴയിലും ആണ്ടോടാണ്ട് പ്രകൃതിയുമായി മല്ലിടുന്ന ബംഗാളിലെ മീൻപിടുത്തകാരുടെ ജീവിതത്തിലെ, പലരും അറിയപ്പെടാത്ത ആചാരങ്ങളെയും, അനുഭവങ്ങളെയും സൂക്ഷ്മമായി പഠിച്ചു വേണ്ടത്ര കലാത്മകതയോടെ സിനിമയിൽ പകർത്തി കാണിക്കുന്ന ഈ ചിത്രം പ്രേക്ഷകർക്ക് ഒരു പുതിയ അനുഭവമാണ്.

കഥയുടെ തുടക്കത്തിൽ കാണുന്നതു വാശിയേറിയ ഒരു വഞ്ചികളിയാണ്. അതിൽ വിജയിക്കുന്നത് ബിലാസിന്റെ നായകത്വത്തിൻകീഴിലുള്ള വഞ്ചിയും കൂട്ടുകാരുമാണ്. അവന്റെ കുടുംബവും കൂട്ടുകാരും അതിൽ മതിമറന്നാഹ്ളാദിക്കുന്നു. ബിലാസിന്റെ ആഹ്ളാദത്തിലും അഭിമാനത്തിലും പങ്കുകൊള്ളുന്ന മറ്റൊരു വ്യക്തിയും കൂടിയുണ്ടാഗ്രാമത്തിൽ. അത് അവന്റെ മനസ്സിൽ കൂടുകൂട്ടിയ ആ ഗ്രാമത്തിലെ കൊച്ചു സുന്ദരി പഞ്ചിയാണ്. എന്നാൽ, ബിലാസിന്റെ ആകാരഭംഗിയിൽ മതി മറന്ന് അവനോട് അടുക്കാൻ ശ്രമിക്കുന്ന മറ്റൊരു വിവാഹിതയായ ചെറുപ്പക്കാരിയുണ്ടാഗ്രാമത്തിൽ. പക്ഷേ, അയാൾ അവളെ വെറുത്തിരുന്നു. ചിലപ്പോഴെല്ലാം ദാരിദ്ര്യംകൊണ്ട് ബിലാസിന്റെ കുടുംബക്കാർ ഗ്രാമത്തിലെ ക്രൂരനായ ഹുണ്ടികക്കച്ചവടക്കാരനോട് പണം കടംവാങ്ങുക പതിവാണ്. പണമിടപാടെല്ലാം നടത്തിയിരുന്നത് ബിലാസിന്റെ നല്ലവനായ ഇളയച്ഛൻ പഞ്ചുവാണ്. കച്ചവടക്കാരന്റെ ക്രൂരമായ പെരുമാറ്റത്തിൽ അയാളുമായി മിക്കപ്പോഴും ഏറ്റുമുട്ടാറുള്ള ബിലാസിന് പണം ലഭിക്കാൻ വിഷമം വന്നപ്പോൾ മത്സ്യം പിടിക്കാൻ കടലിലേയ്ക്കു കൂട്ടുകാരുമായി പോകാനുള്ള ഒരാഗ്രഹം അയാളിലുദിക്കുന്നു. എന്നാൽ പണ്ട് അയാളുടെ അച്ഛൻ കടലിൽ മത്സ്യം പിടിക്കുവാൻ പോയിട്ട് കണ്ണെത്താത്ത സുന്ദരവനത്തിലെവിടെയോ വെച്ച് കാട്ടുമൃഗങ്ങൾക്ക് ഇരയായതിൽപ്പിന്നെ അയാളുടെ കുടുംബക്കാർ കടലിൽ മീൻ പിടിക്കാൻ പോവുകയില്ലെന്ന് ഒരു വ്രതമെടുത്തിരിക്കുകയാണ്. തന്റെ ആഗ്രഹം അയാൾ ഇളയച്ഛനോട് പറഞ്ഞപ്പോൾ അയാൾ കടലെന്ന



നിരഞ്ജൻ റായിയുടെ ബിലാസ്

പഞ്ചി - സന്ധ്യാ റായ്



ശബ്ദം മിണ്ടിപ്പോവരുതെന്ന് പറഞ്ഞ് താക്കീതു ചെയ്യുന്നു. പക്ഷേ, ബിലാസിന്റെ ആഗ്രഹത്തെ അടക്കിനിർത്താൻ ആ താക്കീതിനായില്ല.

ഈ സന്ദർഭത്തിലാണ് എല്ലാ കൊല്ലവും ഗംഗാനദിയിൽ ഹിൽസാമത്സ്യം പിടിക്കുവാൻ പോകുന്ന മുക്കുവന്മാരെ യാത്രയാക്കുന്ന ചടങ്ങ് നടക്കുന്നത്. പാട്ടും നൃത്തവും പ്രാർത്ഥനയും ദീപവുമായി തങ്ങളെ യാത്രയാക്കുവാൻ വന്നു നിൽക്കുന്ന അമ്മപെങ്ങന്മാരോടും മുത്തച്ഛന്മാരോടും വിട വാങ്ങി നൂറുകണക്കിന് വഞ്ചികൾ ദാൽദിററ ഗ്രാമത്തിലെ ഇച്ഛാമതി നദിയുടെ തീരത്തുനിന്ന് ഗംഗയെ ലക്ഷ്യമാക്കി യാത്രയാവുന്നു. ബാഗ്ബസാറിന്നടുത്ത് ഗംഗയിലേക്കുള്ള നദീമുഖത്ത് അവർ താവളമടിച്ചു മീൻപിടുത്തം തുടങ്ങുന്നു. ഈ അവസരത്തിൽ അയാളുടെ വഞ്ചിയിൽനിന്ന് മത്സ്യം വാങ്ങാനായി തന്റെ മുത്തശ്ശിയോടൊന്നിച്ച് നിത്യേന അവിടെ വരാറുള്ള ഹിമിയെന്ന പെൺകൊടിയിൽ ബിലാസിന്റെ കണ്ണുകൾ പതിഞ്ഞു. അയാൾ അവളുമായി അടുക്കാൻ തുടങ്ങി. അവളുടെ കണ്ണിണകൾ നൂറുകണക്കിന്ന് യുവാക്കളുടേതുമായി ഇടഞ്ഞിട്ടുണ്ടെങ്കിലും സുന്ദരനും ദൃഢകായനുമായ ബിലാസിനോട് എന്തോ അവൾക്കൊരു പ്രത്യേക പ്രതിപത്തി ജനിക്കുകയാണ്. കാററും കോളുമുള്ള ഒരു രാത്രിയിൽ ക്രൂരമായ നദിയുടെ ഇരുണ്ട മാർത്തട്ടിൽവെച്ച് ബിലാസിന്റെ കൈകളിൽ കിടന്ന് വൃദ്ധനും രോഗിയുമായ പഞ്ചു മരിച്ചു. ഓർമവെയ്ക്കാത്ത കാലത്ത് അച്ഛൻ സുന്ദരവനത്തിൽവെച്ച് കൊല്ലപ്പെട്ടതിനുശേഷം തന്നെ ജീവനുതുല്യം സ്നേഹിച്ചു വളർത്തിയ തന്റെ ഇളയച്ഛന്റെ മരണം അയാളെ വല്ലാതെ വേദനിപ്പിച്ചു. മാത്രമല്ല നദിയിൽനിന്നുള്ള വരുമാനം ചുരുങ്ങി വരുകയും ജീവിതം കൂടുതൽക്കൂടുതൽ വിഷമമുള്ളതായി അനുഭവപ്പെടാനും തുടങ്ങി. ഹിമി കഴിയുന്ന സഹായങ്ങൾ ചെയ്യാറുണ്ടെങ്കിലും കടലിലേക്ക് മത്സ്യം പിടിക്കാൻ പോകാനുള്ള ആഗ്രഹം അയാളെ അലട്ടിക്കൊണ്ടേയിരുന്നു. ഹിമിയും ബിലാസും തമ്മിലുള്ള പ്രേമം അറിയാനിടയായ ഹിമിയുടെ മുത്തശ്ശി ദാമിനി ബിലാസിന്റെ അച്ഛനും അവളുടെ അമ്മയും തമ്മിലുള്ള അനാശാസ്യബന്ധത്തെപ്പറ്റി അറിയിക്കുന്നു. അവളുടെ അമ്മ ഒരു നല്ല ജീവിതമല്ല നയിച്ചിരുന്നതെന്നും ഇതെല്ലാമറിയുന്ന ബിലാസിന്റെ കുടുംബക്കാർ ഈ ബന്ധം ഇഷ്ടപ്പെടുന്ന കാര്യം സംശയമാണെന്നു കൂടി പറഞ്ഞുമനസ്സിലാക്കുന്നു. എന്തായാലും അവൾ അയാളെ സ്നേഹിച്ചു. അവസാനം ബിലാസിന്റെ ആഗ്രഹനിവൃത്തിക്കായി ഹിമി തന്റെ കൈയിലുള്ള പണ്ടവും പണവും കൂടി ശേഖരിച്ചു ഏതാണ്ട് അയ്യായിരം ഉറുപ്പിക വില വരുന്ന ഒരു തുക നൽകുന്നു. അയാൾക്കൊരു വഞ്ചി വാങ്ങാനും ആൾക്കാരെ ഒരുക്കാനും വേണ്ടി, ബിലാസിനുവേണ്ടി എന്നുമാ നദീമുഖത്തു കാത്തിരിക്കുമെന്ന വാഗ്ദാനത്തോടെ അയാളെ അവൾ യാത്രയാക്കി, ഇതാണ് കഥ.

കഥയിൽ കോട്ടങ്ങളും കുറവുകളുമുണ്ടെന്ന് തോന്നിയേക്കാം. ബിലാസും കൂട്ടുകാരും ഗംഗയിലേക്ക് മീൻപിടിക്കാൻ പോയതിനുശേഷം അവരുടെ വീട്ടിനെപ്പററിയോ അയാളുടെ കണ്ണും കരളും കവർന്നു വീട്ടിന്ന് ചുറ്റും സദാ പാറി പറന്നിരുന്ന കൊച്ചുസുന്ദരി പഞ്ചിയെപ്പറ്റിയോ നാം പിന്നീട് അറിയുന്നില്ല. ഒരുപക്ഷേ, അതൊന്നും അറിയാനനുവദിക്കാത്തതിനാലാണ് ഈ ചിത്രം മറ്റു പലേതിൽ നിന്നും വിഭിന്നമായി നിൽക്കുന്നത്.

## അഭിനയം

സമരേഷ് ബാസുവിന്റെ ഈ നോവലിലെ ചിരിച്ചും കരഞ്ഞുംകൊണ്ട് നിലകൊള്ളുന്ന കഥാപാത്രങ്ങളെ കാണികളുടെ മനോമണ്ഡലത്തിൽ നിന്ന് മായാത്തവരാക്കിത്തീർക്കുന്നതിൽ ഇതിലഭിനയിച്ച മിക്ക കലാകാരന്മാരും വിജയിച്ചിട്ടുണ്ട്. ബിലാസിന്റെ ഭാഗമഭിനയിച്ച നിരഞ്ജൻ റായ് ഒരു പുതിയ മുഖമാണ്. എങ്കിലും അനുഭവിച്ചറിഞ്ഞ ഒരു ജീവിതം ആവിഷ്കരിക്കുന്ന പോലെ അയന്തലളിതവും അകൃത്രിമസുന്ദരവുമായിരുന്നു ബിലാസിന്റെ ഭാഗം. പാകത വന്ന മുക്കുവന്റെ സ്വഭാവവും പെരുമാറ്റവും പഞ്ചുവിൽക്കൂടി പകർത്തിക്കാട്ടിയ ഗ്യാണേശ് മുക്കർജിയെ പ്രേക്ഷകർക്ക് അത്ര എളുപ്പത്തിൽ മറക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. അദ്ദേഹത്തിൽ കൂടി കണ്ട സ്നേഹനിർഭരമായ ഒരു ഇളയച്ഛന്റെ ഹൃദയം അതിലേറെ അവിസ്മരണീയമാണ്. ഒരു യുവകാമിനിയുടെ ലജ്ജാസുന്ദരമായ ഭാവഭംഗി ഹിമിയുടെ ഭാഗമെടുത്ത രൂമാ ഗാംഗുലിയ്ക്കുണ്ട്. പഞ്ചിയുടെ ഭാഗമെടുത്ത സന്ധ്യാറായിയും ഒരു തികഞ്ഞ വിജയമാണ്. മുക്കുവവർഗക്കാരുടെ നാടൻശൈലികളിലുള്ള ഇതിലെ സംഭാഷണം മനസ്സിലാക്കുവാൻ ബംഗാളി അറിയുന്നവർക്കുകൂടി കുറച്ചു വിഷമമുള്ളതായി അനുഭവപ്പെടുന്നുണ്ട്.

## സംഗീതം

ബംഗാളിലെ മുക്കുവന്മാരുടെ നാടൻപാട്ടുകളുടെ ശീലുകളിൽ ഇതിലെ ഗാനങ്ങൾ രചിച്ച സലിൽചൗധരിയും അവ പാടിയ നിർമൽ ചൗധരിയും മന്നാഡേയും നമ്മെ സംതൃപ്തരാക്കുന്നു. ഈ ചിത്രത്തിന്റെ ഏറ്റവും വലിയ മറ്റൊരു മേന്മ ഇതിലെ ഒന്നാന്തരം ഔട്ട് ഡോർ ഫോട്ടോഗ്രാഫിയാണ്. മനോഹരങ്ങളായ നിരവധി ദൃശ്യങ്ങൾ പകർത്തിയ ക്യാമറ പിന്നിലെ കഴിവുറ്റ കരങ്ങളെ അഭിനന്ദിക്കാതെ വയ്യ.

ഇതിവൃത്തങ്ങൾക്ക് പൊതുവെ വളരെ വൈവിദ്ധ്യമൊന്നും കാണാൻ കഴിയാതെ കൃത്രിമമായ പ്രേമരംഗങ്ങളും കഴമ്പില്ലാത്ത തമാശകളും കുത്തിത്തിരുകി നിർമിക്കുന്ന പലേ ചിത്രങ്ങളും കണ്ടു മനം മടുത്ത പ്രേക്ഷകർക്ക്, അധികമൊന്നും അറിയപ്പെടാത്ത ഒരു പ്രത്യേക വർഗക്കാരെയും അവരുടെ സങ്കീർണങ്ങളായ ജീവിതരീതികളെയും സൂക്ഷ്മമായി പഠിച്ചു. കാണികളെ കരയിപ്പിക്കുകയും രസിപ്പിക്കുകയും അതോടൊപ്പം ചിന്തിപ്പിക്കുകയും ചെയ്യുന്ന രംഗങ്ങൾ കലാസുഭഗതയോടെ കോർത്തിണക്കി നിർമിച്ച ഈ ചിത്രം ഈയാണ്ടിൽ കിട്ടിയ ഒരു നല്ല സംഭാവനയാണ്. ഇടയ്ക്കിടയ്ക്ക് ബംഗാളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇത്തരം പരീക്ഷണങ്ങൾ പ്രേക്ഷക ലോകത്തിലും ഒരു പ്രത്യേകത ഉളവാക്കിക്കൊണ്ടിരിക്കുകയാണ്. കഴമ്പും പുതുമയുമില്ലാത്ത ചിത്രങ്ങൾക്ക് ആസ്വാദകരുടെ എണ്ണം കുറയുന്നുവെന്നുള്ളതാണത്.